"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനുവേണ്ടി നൂതന സാങ്കേതിക വിദ്യയിലുള്ള പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ഡെവലപ്പിംഗ് ഏജൻസിയായി നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.425/2022/P&EA തീയതി,തിരുവനന്തപുരം, 11-11-2022

---

പരാമർശം:-
1. 30/07/2022 ലെ സ.ഉ.(സാധാ)നം.297/2022/പി&ഇഎ നമ്പർ ഉത്തരവ്
2. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 5.9.2022 ലെ DES/2039/2022-Comp 3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

1. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ ഉപയോഗത്തിനായി നൂതന സാങ്കേതിക വിദ്യയിലുള്ള ഒരു സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന്റെ കൺസൽട്ടൻസിയായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ നിയമിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. വകുപ്പിന്റെ ദൈനംദിന ഉപയോഗത്തിനായി നൂതന സാങ്കേതിക വിദ്യയിലുള്ള ഒരു സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന്റെ ഭാഗമായി മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ സമാനമായ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ നിലവിലുണ്ടോയെന്നാരാഞ്ഞിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന് കീഴിലുള്ള ഓഫീസുകൾ, കേന്ദ്ര എൻ,ഐ.സി, സംസ്ഥാന എൻ.ഐ.സി, മറ്റു സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലൊന്നും ഇത്തരത്തിൽ സ്വീകാര്യമായ ആപ്ലിക്കേഷനുകളില്ല എന്ന് അറിയാൻ കഴിഞ്ഞു എന്നും നൂതന സാങ്കേതിക വിദ്യയിലുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന്റെ കൺസൽട്ടൻസിയായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി തന്നെ ഈ ആപ്ലിക്കേഷൻ ഡെവലപ് ചെയ്ത് നൽകുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ദൈനംദിന ഉപയോഗത്തിനായി നൂതന സാങ്കേതിക വിദ്യയിലുള്ള ഒരു സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ഡെവലപ്പിംഗ് ഏജൻസി കൂടിയായി നിയമിച്ചു ഉത്തരവ് നൽകണമെന്നും പരാമർശം 2 പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനുവേണ്ടി നൂതന സാങ്കേതിക വിദ്യയിലുള്ള പുതിയ സോഫ്റ്റ് വെയർ

ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ കൺസൽട്ടൻസി ആക്കിയതിന് പുറമേ ഡെവലപ്പിംഗ് ഏജൻസിയാക്കി നിയമിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ്ജു എം എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം .
2. രജിസ്ട്രാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി , ടെക്നോപാർക് Phase-4 പള്ളിപ്പുറം , തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് /എ&ഇ ) കേരള, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ ,തിരുവനന്തപുരം .
5. വിവരസാങ്കേതിക (ഐ ടി സെൽ ) വകുപ്പ് (IT Cell-2/203/2022-ITD dated 1.10.2022)
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ )
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sajith T
സെക്ഷൻ ഓഫീസർ
Date: 11-11-2022 13:05:58